ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

249(541) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരത്തിൽ ഭൂമി വില കുറച്ചുകാട്ടിയ കേസ്സുകളിൽ (അണ്ടർ വാല്യുവേഷൻ) ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഇതുവരെ എത്ര തുക കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി ഇനിയും സമയം നീട്ടുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാലയളവ് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 10-12-2010 വരെ തീർപ്പാക്കിയ 2,82,615 കേസുകളിൽ നിന്നായി 66,84,00,435 രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(ബി&സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സമയ പരിധി, 27-3-2010-ലെ ജി.ഒ.(പി) 85/10/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം, 31-3-2011-വരെ ദീർഘിപ്പിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു.)*

ചെറുവത്തൂർ പഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ്

250(542) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുവത്തൂർ പഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇത് എന്നനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ വിഷയം പരിശോധിച്ചുവരികയാണ്.

വയനാട് ജില്ലയിലെ വസ്തുകൈമാറ്റ കണക്ക്

251(543) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2005-നു ശേഷം നടന്ന വസ്തു-കെട്ടിട കൈമാറ്റ ആധാര രജിസ്ട്രേഷൻ സംബന്ധിച്ച കണക്ക് എസ്. ആർ. ഒ-യും വർഷവും തിരിച്ചുള്ള പട്ടിക സഹിതം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തെ വസ്തുകൈമാറ്റ കണക്ക് പരിശോധിച്ചാൽ ജില്ലയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടന്ന വർഷവും എസ്.ആർ.ഒ.-യും ഏതാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ നടന്ന 15 ഏക്കറിൽ അധികം വരുന്ന തോട്ടങ്ങളുടെ കൈമാറ്റമടക്കമുള്ള വൻകിട വസ്തു കൈമാറ്റത്തിന്റെ കണക്ക് എസ്.ആർ.ഒ.-യും വർഷവും തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ പട്ടിക I ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) കഴിഞ്ഞ 10 വർഷത്തെ കണക്ക് പരിശോധിച്ചാൽ വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടന്നത് 2010-ൽ സുൽത്താൻ ബത്തേരിയിലാണ്.

(സി) വിശദാംശങ്ങൾ പട്ടിക 2-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

252(544) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം എന്നുമുതലാണ് ആരംഭിച്ചത്;

(ബി) ഇതിനോടകം എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർ വത്ക്കരിക്കാൻ സാധിച്ചുവോ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടർവൽക്കരണം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ആകെ എത്ര തുക ഇതിനോടകം ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 മുതൽ.

(ബി) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടൽവൽക്കരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 2009-2010 സാമ്പത്തിക വർഷം വരെ, 309 സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനുവേണ്ടി 9,83,74,461 രൂപയും പുതുതായി നിലവിൽവന്ന കൊട്ടായി സബ് രജിസ്ട്രാർ ഓഫീസിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 2,25,000 രൂപയും ഉൾപ്പെടെ ആകെ 9,85,99,461 - രൂപ ചെലവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly